# അദ്ധ്യായം - 36




*1. രണ്ടു ഗോവാമാന്യന്മാരുടെയും 2. മിസ്സിസ്സ് ഔറംഗാബ്ദകറുടെയും അത്ഭുത കഥകൾ*

## രണ്ട് മാന്യന്മാർ

ഒരിക്കൽ ഗോവയിൽ നിന്ന് രണ്ടുമാന്യന്മാർ ബാബയെ ദർശിക്കാൻ വന്ന് ബാബയുടെ മുന്നിൽ പ്രണാമം ചെയ്തു. രണ്ടുപേരും ഒന്നിച്ചാണ് വന്നതെങ്കിലും ബാബ ഒരാളോട് മാത്രം 15ക. ദക്ഷിണ ചോദിച്ചു വാങ്ങി. മറ്റെ ആൾ ചോദിക്കാതെ തന്നെ 35ക. ദക്ഷിണകൊടുക്കാൻ നോക്കി. ബാബ എല്ലാവരെയും അതിശയിപ്പിക്കത്തക്കവണ്ണം ആ സംഖ്യ നിരസിച്ചു. ശാമ ഇതുകണ്ട് 'എന്താണിത്? രണ്ടുപേരും ഒരുമിച്ചുവന്നു. ഒരാളുടെ ദക്ഷിണ സ്വീകരിച്ചു. മറ്റെ ആൾ ചോദിക്കാതെ തന്നത് നിരസിക്കുന്നു. എന്തിനാണീ പക്ഷഭേദം? എന്ന് ചോദിച്ചു.ബാബ അതിന് 'ശാമ, നിനക്കൊന്നും അറിയില്ല. ഞാൻ ആരിൽനിന്നും ഒന്നും സ്വീകരിക്കുന്നില്ല. മസ്ജിദ്മായി കടം മടക്കി ചോദിക്കുന്നു. ദാതാവ് അത് കൊടുത്ത് സ്വതന്ത്രമാവുന്നു. എനിക്ക് വല്ല വീടോ, സ്വത്തോ, കുടുംബമോ സംരക്ഷി ക്കാനുണ്ടോ? എനിക്കൊന്നും ആവശ്യമില്ല. ഞാൻ സദാ സ്വതന്ത്രനാണ്. കടം, ശത്രുത, കൊല

ഇവക്ക് പരിഹാരം ചെയ്തെ കഴിയൂ. അതിൽ നിന്ന് രക്ഷപ്പെടാനാവില്ല' എന്നു പറഞ്ഞു തന്റെ പ്രത്യേക മട്ടിൽ ഇപ്രകാരം തുടർന്നു.

'ആദ്യം അയാൾ ദരിദ്രനായിരുന്നപ്പോൾ അയാളുടെ ദൈവത്തോട് ഒരു ജോലികിട്ടിയാൽ ആദ്യത്തെ ശമ്പളം വഴിപാടായി കൊടുക്കാമെന്ന് പ്രാർത്ഥിച്ചു. 15ക. ശമ്പളത്തിൽ അയാൾക്കൊരു ജോലികിട്ടി. പിന്നീട് കയറ്റം കിട്ടികൊണ്ടിരുന്നു. പതിനഞ്ചിൽനിന്ന് മുപ്പത്, അറുപ്പത്, നൂറ്, ഇരുന്നൂറ്, ഇങ്ങിനെ വർദ്ധിച്ച് മാസത്തിൽ 700ക. ശമ്പളത്തിലെത്തി. ഈ സമൃദ്ധിയിൽ അയാളുടെ പ്രാർത്ഥന അയാൾ മറന്നുപോയി. കർമ്മശക്തി കൊണ്ട് അയാളെ ഇവിടെ എത്തിച്ചപ്പോൾ ആ പതിനഞ്ചുറുപ്പിക ഞാൻ ദക്ഷിണയായി ചോദിച്ചുവാങ്ങി'

മറ്റൊരുകഥ:'കടപ്പുറത്തുകൂടി നടന്നുകൊണ്ടിരി ക്കുമ്പോൾ ഞാൻ ഒരു വലിയ കൊട്ടാരത്തിനുമുന്നിലെത്തി. അതിന്റെ കോലായിലിരുന്നു. വീട്ടുടമ എന്നെ നന്നായി സ്വീകരിച്ചു. സുഖമായി ഭക്ഷണം തന്നു. അയാൾ എനിക്കുറ ങ്ങാൻ വൃത്തിയുള്ള ഒരു സ്ഥലം കാണിച്ചു തന്നു. ഞാനവിടെ കിടന്നുറങ്ങി. ഞാൻ നല്ല ഉറക്കമായപ്പോൾ അയാൾ ഒരു കല്ലടർത്തി മുറിയിൽ കടന്ന് എന്റെ പോക്കറ്റ് കത്രിച്ച് എന്റെ വശമുള്ള മുഴവൻ പണവും മോഷ്ടിച്ചു. ഞാൻ ഉണർന്നപ്പോൾ മുപ്പതിനായിരം ഉറുപ്പിക കളവുചെയ്യപ്പെട്ടതായി കണ്ടു. ഞാൻ വളരെ കുഴങ്ങി കരഞ്ഞുകൊണ്ടും വിലപിച്ചുകൊണ്ടും ഇരിപ്പായി. സംഖ്യ നോട്ടുകളായിട്ടായിരുന്നു. ആ ബ്രാഹ്മണൻ മോഷ്ടിച്ചാതിയിരിക്കുമെന്ന് ഞാൻ വിശ്വസിച്ചു. ഞാൻ ഭക്ഷണപാനീയങ്ങളിൽ ശ്രദ്ധയില്ലാതെ പതിനാലു ദിവസ ങ്ങളോളം വിലപിച്ചുകൊണ്ട് ആ കോലായിലിരുന്നു. പതിനാലു ദിവസം കഴിഞ്ഞപ്പോൾ അതിലെപോയ ഒരു ഫക്കീർ എന്നെ

കണ്ട് ദുഃഖകാരണം അന്വേഷിച്ചു. ഞാൻ എല്ലാം പറഞ്ഞു'. ഞാൻ പറയും പോലെ ചെയ്താൽ നിനക്കു പണം തിരിച്ചുകിട്ടും. ഒരു ഫക്കീറിന്റെ അടുക്കൽ ചെല്ല് ഞാൻ സ്ഥലം പറഞ്ഞു തരാം. ഫക്കീറിനെ ശരണം പ്രാപിച്ചാൽ ഫക്കീർ പണം തിരികെ വാങ്ങിച്ചു തരും. അതുവരെ നിനക്കേറ്റവും ഇഷ്ടപ്പെട്ട ഭക്ഷണം ഉപേക്ഷിക്കുക 'എന്ന് ഫക്കീർ എന്നോട് പറഞ്ഞു. ഞാൻ ഫക്കീർ പറഞ്ഞപോലെ ചെയ്തപ്പോൾ എന്റെ പണം തിരിച്ചുകിട്ടി. അപ്പോൾ ഞാൻ സത്രംവിട്ട് കടപ്പുറത്തേക്ക് പോയി. അവിടെ ഒരു കപ്പലുണ്ടായിരുന്നെങ്കിലും ആൾ നിറഞ്ഞു സ്ഥലമില്ലാത്തതിനാൽ എനിക്കു കയറാൻ കഴിഞ്ഞില്ല. അവിടെ ഒരു നല്ലതരക്കാരനായ ശിപായി ഇടപെട്ടതുകൊണ്ട് എനിക്ക് കയറാൻ സ്ഥലം കിട്ടി. അത് മറ്റൊരു തുറമുഖത്തെത്തിച്ചു. അവിടെ നിന്ന് തീവണ്ടി കയറി ഞാൻ മസ്ജിദ്മായിയിൽ എത്തിച്ചേർന്നു'.

ഈ കഥ പറഞ്ഞുതീർന്നപ്പോൾ ബാബ, ശാമയോട് ഗോവക്കാരെ രണ്ടുപേരെയും കൊണ്ടുപോയി ഭക്ഷണം ഏർപ്പാട് ചെയ്തുകൊടുക്കാൻ പറഞ്ഞു. ശാമ അവരെ വീട്ടിലേക്ക് കൂട്ടികൊണ്ടുപോയി ഭക്ഷണം കൊടുത്തു. ഭക്ഷണസമയത്ത് ശാമ അവരോട് ബാബയുടെ കഥ നിഗൂഢാർത്ഥമുള്ള താണെന്നും ബാബ കടൽക്കരയിൽ പോകയാവട്ടെ, മുപ്പതി നായിരം ഉറുപ്പിക കയ്വശം വെക്കയാവട്ടെ, യാത്ര ചെയ്കയാവട്ടെ, പണം നഷ്ടപ്പെടുകയാവട്ടെ, തിരിച്ചു കിട്ടുകയാവട്ടെ, ഒന്നും ഉണ്ടായിട്ടില്ലെന്നും അതിന്റെ അർത്ഥം അവർക്ക് വല്ലതും മനസ്സിലായോ എന്നും ചോദിച്ചു. അതിഥികൾ ഹൃദയമലിഞ്ഞ് കണ്ണീർ പൊഴിക്കയായിരുന്നു. തൊണ്ടയിടറി കൊണ്ട് ബാബ സർവ്വജ്ഞനും സർവ്വന്തര്യാമിയും പരമാത്മാവുമാണെന്നവർ പറഞ്ഞു. ബാബ പറഞ്ഞതെല്ലാം

ഞങ്ങൾ അനുഭവിച്ചകാര്യങ്ങളാണ്. ബാബ എങ്ങിനെ ഇതറിഞ്ഞു എന്ന് അത്ഭുതാവഹമാണ്. ഭക്ഷണശേഷം വിവരമെല്ലാം പറയാം എന്നവർ പറഞ്ഞു. ഭക്ഷണശേഷം വെറ്റിലമുറുക്കികൊണ്ട് അവർ കഥ പറയാൻ തുടങ്ങി. അവരിൽ ഒരാൾ പറഞ്ഞു:

പശ്ചിമ ഘട്ടത്തിലുള്ള ഒരു ഹിൽ സ്റ്റേഷനാണ് എന്റെ നാട്. ഞാൻ ഗോവയിൽ ഒരു ജോലി അന്വേഷിച്ച് പോയതാണ്. ഞാൻ ദത്തദേവനോട് ജോലി കിട്ടിയാൽ ആദ്യമാസത്തെ ശമ്പളം വഴിപാടായി കൊടുക്കാമെന്നു പ്രാർത്ഥിച്ചു. ദേവന്റെ അനുഗ്ര ഹത്താൽ 15 ഉറുപ്പിക ശമ്പളത്തിൽ എനിക്കൊരു ജോലി കിട്ടി. പിന്നെ ബാബ പറഞ്ഞ പോലെ ഉദ്യോഗ കയറ്റങ്ങളും കിട്ടി. ഞാൻ എന്റെ പ്രാർത്ഥന തീരെ മന്നുപോയിരുന്നു. ബാബ ഈ വിധത്തിൽ എന്നെ അത് ഓർമ്മിപ്പിച്ച് എന്നിൽ നിന്നും സ്വീക രിച്ചതാണ്. അത് സാധാരണ ദക്ഷിണ അല്ല. ഒരു പഴയ കടം വീട്ടലും വളരെക്കാലമായി മറന്നുപോയ ഒരു പ്രാർത്ഥന നിർവ്വ ഹിക്കലുമാണ്.

**ഗുണപാഠം**

ബാബയഥാർത്ഥത്തിൽ പണത്തിനുവേണ്ടി യാചിക്കുകയോ ഭക്തന്മാരെ യാചിക്കാൻ അനുവദിക്കുകയോ ചെയ്തിരുന്നില്ല. പണം ആദ്ധ്യാത്മികപുരോഗമനത്തിന് ഒരു വിലങ്ങുതടിയാണെന്നാണ് ബാബ കണക്കാക്കിയിരുന്നത്. അതുകൊണ്ടദ്ദേഹം പണത്തിന്റെ പിടിയിൽപെടാൻ ഭക്തന്മാരെ അനുവദിച്ചിരുന്നില്ല. മഹൽസാപതി ഇതിന്നൊരു ദാഹരണ മാണ്. അയാൾ വളരെ ദരിദ്രനും ജീവിതം നയിക്കാൻ നന്നെ വിഷമിച്ചിരുന്ന ആളുമായിരുന്നു. ബാബ അയാളെ പണമുണ്ടാക്കനനുവദിച്ചില്ലെന്നു മാത്രമല്ല, ദക്ഷിണയിൽ നിന്ന്

അയാൾക്ക് ഒന്നും കൊടുക്കലുമില്ല. ഒരിക്കൽ ദയാലുവും ജ്ഞാനതല്പരനുമായ ഹൻസ്‌രാജ് എന്നു പേരായ ഒരു വ്യാപാരി മഹൽസാപതിക്ക് ബാബയുടെ സാന്നിദ്ധ്യത്തിൽ വലിയ ഒരു തുക കൊടുത്തപ്പോൾ, ബാബ അയാളെ അതു സ്വീകരിക്കാൻ അനുവദിച്ചിരുന്നില്ല.

പിന്നീട് രണ്ടാമൻ പറയാൻ തുടങ്ങി. ' എന്റെ പാചകവേലക്കാരനായ ബ്രാഹ്മണൻ എന്റെ കൂടെ 35 കൊല്ലമായി നിന്നു വരുന്നതാണ്. നിർഭാഗ്യവശാൽ അയാൾ ചീത്ത വഴിയിൽ കുടുങ്ങി, മനഃസ്ഥിതി മാറി എന്റെ സമ്പാദ്യം മുഴുവൻ മോഷ്ടിച്ചു. ഒരു കല്ലുപൊളിച്ച് തുരന്നകത്ത് കടന്ന് ഞങ്ങൾ ഉറങ്ങുന്ന സമയം അലമാറയിൽ നിന്ന് നോട്ടുകളായി വെച്ച എന്റെ സമ്പാദ്യമായ മുപ്പതിനായിരം ഉറുപ്പികയും അയാൾ കട്ടുകൊണ്ടുപോയി. ബാബ എങ്ങിനെ സംഖ്യ കൃത്യമായി പറഞ്ഞെന്നറിയുന്നില്ല. ഞാൻ രാവുപകൽ കരഞ്ഞു കൊണ്ടിരുന്നു. അന്വേഷണം കൊണ്ടൊന്നും ഒരു ഫലമുണ്ടായില്ല. പതിനാലു ദിവസങ്ങളോളം വളരെ വിഷമം അനുഭവിച്ചു. ഞാൻ വ്യസനിച്ചുകൊണ്ട് വരാന്തയി ലിരിക്കുമ്പോൾ അതിലെ പോയിരുന്ന ഒരു ഫക്കീർ എന്റെ വ്യസനത്തിനുള്ള കാരണം ചോദിച്ചു. ഞാൻ എല്ലാ വിവരവും പറഞ്ഞു. ഫക്കീർ എന്നോട് സായി എന്ന ഒരു അവുലിയാ കോപ്പർ ഗാവോൺ താലൂക്കിലെ ഷിർദ്ദിയിലുണ്ടെന്നും സായിയെ മനസാ പ്രണമിച്ച് ഒരു ഇഷ്ടപ്പെട്ട ഭക്ഷണം ഉപേക്ഷിച്ച് അവിടു ത്തെ ദർശനം ചെയ്യുന്നതുവരെ ഞാൻ ഭക്ഷണം കഴിക്കില്ലെന്ന് പ്രാർത്ഥിച്ചാൽ മതി എന്നും പറഞ്ഞു. അന്നേരം തന്നെ ഞാൻ അരിഭക്ഷണമുപേക്ഷിച്ച് 'ബാബ'! ഞാൻ അരി ഭക്ഷണം ഇനി എന്റെ പണം തിരിച്ചു കിട്ടി അവിടുത്തെ ദർശനം ചെയ്തു

മാത്രമെ കഴിക്കൂ' എന്ന് വ്രതമെടുത്തു.

അങ്ങിനെ 15ദിവസം കഴിഞ്ഞപ്പോൾ ബ്രാഹ്മണൻ സ്വമനസ്സാലെ മടങ്ങിവന്നു പണം മടക്കിതന്ന് മാപ്പിരുന്നു പറഞ്ഞു' എനിക്ക് ബുദ്ധി ശരിയല്ലാതായി ഇങ്ങിനെയൊക്കെ ചെയ്തതാണ്. ഞാൻ കാലുപിടിച്ചപേക്ഷിക്കുന്നു. എനിക്ക് മാപ്പുതരണം' അങ്ങിനെ എല്ലാം ശുഭമായി കലാശിച്ചു. എന്നെ കണ്ട് സഹായിച്ച ഫക്കീറിനെ പിന്നെ കണ്ടിട്ടില്ല. ഫക്കീർ പറഞ്ഞ സായിബാബയെ കാണാനുള്ള അതിയായ ആഗ്രഹം എന്റെ മനസ്സലുദിച്ചു. എന്റെ വീട്ടിൽ വന്ന ഫക്കീർതന്നെയാണ് സായിബാബ എന്ന് ഞാൻ വിശ്വസിക്കുന്നു. ഇത്രയും പണം നഷ്ടപ്പെട്ടത് തിരിച്ചുവാങ്ങിത്തന്ന ബാബ 35ക ക്ക് ആശിക്കുമോ? നമ്മിൽ നിന്ന് ഒന്നും ആഗ്രഹിക്കാതെ ബാബ നമ്മെ ആദ്ധ്യാത്മികമായി ഉന്നമനത്തിലേക്ക് നയിക്കുന്നു.

എന്റെ നഷ്ടപ്പെട്ട പണം തിരിച്ചു കിട്ടിയ അതിസന്തോഷത്താൽ മതി മറന്ന് എന്റെ പ്രാർത്ഥനതന്നെ ഞാൻ വിസ്മരിച്ചുപോയി. അങ്ങിനെ ഒരിക്കൽ ഞാൻ കൊലാബയിൽ പോയപ്പോൾ സായിബാബയെ സ്വപ്നം കണ്ടു. ഉടനെ ഞാൻ ഷിർദ്ദിയിലേക്കു പോകാനുള്ള പ്രാർത്ഥന ഓർമ്മിച്ചു. ഗോവയിലേക്കു പോയി അവിടെ നിന്ന് ഷിർദ്ദിയിൽ വരാൻ ബോംബെ വരെ ഒരു കപ്പലിൽ പോരാൻ തീരുമാനിച്ചു. തുറമുഖത്ത് വന്നപ്പോൾ കപ്പലിൽ തീരെ സീറ്റില്ലായിരുന്നു. കേപ്ടൻ അനുവാദം തരാതെ നില്ക്കുമ്പോൾ എനിക്ക് തീരെ പരിചയമില്ലാത്ത ഒരു പ്യൂണിന്റെ സഹായത്താൽ എനിക്ക് സീറ്റു കിട്ടി. ഞാൻ ബോംബെയിലെത്തി. പിന്നീട് തീവണ്ടിക്ക് ഞാൻ ഇവിടെ വന്നു. ബാബ എല്ലാം അറിയാവുന്ന പരബ്രഹ്മമാണ്. ഞാനും എന്റെ വീടുമൊക്കെ എത്ര നിസ്സാരം. എനിക്ക് എന്റെ

പണം മടക്കിത്തരീപ്പിച്ച് ഇങ്ങോട്ടാകർഷിച്ചത് നോക്കൂ. ബാബ നിങ്ങളോടുകൂടി കളിച്ചും ചിരിച്ചും സംസാരിച്ചും ഒന്നിച്ച് താമസിച്ചും കഴിയുന്നതുകൊണ്ട് ഈ ഷിർദ്ദിയിലുള്ള നിങ്ങളെല്ലാം ഞങ്ങളെക്കാൾ എത്രയോ ഉപരമഹത്തുകളും ഭാഗ്യവാന്മാരുമാണ്. സായി ഞങ്ങളുടെ ദത്തനാണ്. പ്രാർത്ഥന ചെയ്യിച്ചതും കപ്പലിൽ സ്ഥലം തന്നതും ഇങ്ങോട്ടുകൊണ്ടു വന്നതും എല്ലാം എനിക്ക് സായിബാബ പരബ്രഹ്മമാണെന്ന് തെളിയിച്ച് തന്നതാണ്.

## മിസ്സിസ്സ് ഔറംഗബാദ്കർ

ഷോലാപ്പൂരിലെ സുഖാറാം ഔറംഗബാദ്ക്കറിന്റെ ഭാര്യക്ക് 27 കൊല്ലത്തെ ദാമ്പത്യ ജീവിതത്തിൽ ഒരു കുട്ടി ജനിച്ചില്ല. പല ദേവന്മാർക്കും നേർച്ചകൾ ചെയ്തിട്ടും ഫലമുണ്ടായില്ല. അവർ കടുത്ത നിരാശയിലായി, ഒരവസാന പരീക്ഷണമെന്നോണം അവർ ഷിർദ്ദിയിൽ വന്ന് ബാബയെ സേവിച്ച് രണ്ടുമാസം താമസിച്ചു. അവർ എപ്പോൾ മസ്ജിദ്ദിൽ ചെന്നാലും അവിടെ വലിയ ജനത്തിരക്കായിരിക്കും. അവർക്ക് ബാബയെ ഒറ്റക്ക് കണ്ട് കാല്ക്കൽവീണ് സങ്കടം പറഞ്ഞ് ഒരു സന്താനത്തിന്വേണ്ടി പ്രാർത്ഥിക്കണമെന്നുണ്ടായിരുന്നെങ്കിലും തീരെ അവസരം കിട്ടി യില്ല. ഒടുവിൽ ശാമയോട് എങ്ങിനെയെങ്കിലും ബാബ ഒറ്റക്കിരിക്കുമ്പോൾ ഒരവസരമുണ്ടാക്കി കൊടുക്കാൻ അപേക്ഷിച്ചു. ബാബയുടെ ദർബാറിൽ ആർക്കും ചെല്ലാവുന്നതാണെന്നും എങ്കിലും പരിശ്രമിച്ച് നോക്കാമെന്നും ദൈവം അനുഗ്രഹിക്കുമെന്നും ശാമ പറഞ്ഞു. ബാബ ഭക്ഷണത്തിനിരിക്കുമ്പോൾ ഒരു തേങ്ങയും ചന്ദനത്തിരിയുമായി പുറത്ത് മുറ്റത്തിരിക്കാനും, അയാൾ ആംഗ്യംകാണിച്ച ഉടനെ വരാനും ശാമ ഏർപ്പാടു ചെയ്തു. ഒരിക്കൽ ഭക്ഷണ ശേഷം

ശാമ ബാബയുടെ കഴുകിയ കൈ തുടച്ചുകൊണ്ടിരിക്കുമ്പോൾ ബാബ ശാമയുടെ കവിളത്ത് നുള്ളി. ശാമ കോപം നടിച്ച് 'ദേവ! എന്നെ ഇങ്ങിനെ നുള്ളുന്നത് ശരിയാണോ? ഇങ്ങിനെ നുള്ളുന്ന വികൃതിയായ ഒരു ദൈവത്തെ ഞങ്ങൾക്കു വേണ്ട ഞങ്ങൾ അവിടുത്തെ ആശ്രിതന്മാരായിട്ട്. ഇതാണോ ഞങ്ങളുടെ അടുപ്പത്തിന്റെ ഫലം?' എന്നു ചോദിച്ചു. ബാബ അതിന്ന് 'ഓ ശാമ! കഴിഞ്ഞ 72 ജന്മങ്ങളിൽ നീ എന്റെ കൂടെയായിരുന്നു. ഇതുവരെ ഞാൻ നുള്ളിയിട്ടില്ല. ഇപ്പോൾ എന്റെ സ്പർശനം പോലും നീ വെറുക്കുന്നു' എന്നു മറുപടി പറഞ്ഞു. അപ്പോൾ ശാമ 'ഞങ്ങൾക്ക് ചുംബനവും മധുരപലഹാരം തിന്നാനും തരുന്ന ദേവനാണാവശ്യം. ഞങ്ങൾക്ക് അവിടുത്തെ ബഹുമാനവും സ്വർഗ്ഗവും ബലൂണും ഒന്നും ആവശ്യമില്ല. ഞങ്ങൾക്ക് അവിടുത്തെ പാദങ്ങളോടുള്ള ഭക്തിവിശ്വാസങ്ങൾ എന്നും ഉണർന്നിരുന്നാൽ മതി' എന്നു മറുപടിയായി പറഞ്ഞു. ബാബ ഉടനെ 'ശരി ഞാൻ അതിന്ന് വന്നതാണ്. ഞാൻ നിന്നെ തീറ്റിപോറ്റി വരുന്നു. അത്രമാത്രം വാത്സല്യമാണ് എനിക്ക് നിന്നോടുള്ളത്' എന്ന് ശാമയെ മനസ്സിലാക്കികൊടുത്തു.

പിന്നീട് ബാബ ആസന്നസ്ഥനായി. ശാമ ആ സ്ത്രീക്ക് ആംഗ്യംകാണിച്ചു അവർ കയറിവന്ന് നമസ്കരിച്ച് ചന്ദനത്തിരിയും നാളികേരവും ബാബക്ക് കൊടുത്തു. ബാബ കുലുക്കി നോക്കിയപ്പോൾ തേങ്ങ കൊട്ടത്തേങ്ങയായിരുന്നു. കഴമ്പ് ഉള്ളിൽക്കിടന്ന് ശബ്ദമുണ്ടാക്കുന്നുണ്ട്. ബാബ ശാമയെ വിളിച്ച് 'ശാമ ഇത് ഇളകുന്നു. എന്താണത് പറയുന്നതെന്ന് നോക്കൂ' എന്നു പറഞ്ഞു. അപ്പോൾ ശാമ ആസ്ത്രീ പറയുന്നത് അതുപോലെ ഒരു കുട്ടി അവരുടെ ഗർഭപാത്രത്തിൽ കിടന്ന്

ഇളകണമെന്നും വളരണമെന്നുമാണ്, അതുകൊണ്ട് ആ തേങ്ങ അവർക്ക് അനുഗ്രഹത്തോടുകൂടി മടക്കികൊടുക്കണം എന്നാവശ്യപ്പെട്ടു.

ബാബ–തേങ്ങ സന്താനത്തെ കൊടുക്കുമോ? മനുഷ്യന്മാർ എന്തു മാത്രം വിഡ്ഢികളാണ്. അവരെന്തല്ലാം ധരിച്ചുവെച്ചിരിക്കുന്നു?

ശാമ–അവിടുത്തെ വാക്കിന്റെയും അനുഗ്രഹത്തിന്റെയും ശക്തി എനിക്കറിയാം അവിടുത്തെ വാക്കുകൾ അവർക്ക് ഒരു കൂട്ടം കുട്ടികളെ തന്നെ കൊടുക്കും. അവിടുന്ന ശരിക്കുള്ള അനുഗ്രഹം കൊടുക്കാതെ ഒഴിഞ്ഞുമാറുകയാണ്.

ഇങ്ങിനെ കുറച്ചുനേരം സംഭാഷണം നടന്നു. ബാബ തേങ്ങ ഉടക്കാനും ശാമ അത് അനുഗ്രഹിച്ച് സ്ത്രീക്ക് കൊടുക്കാനും പറഞ്ഞു കൊണ്ടിരുന്നു. ഒടുക്കം ബബാ വഴങ്ങി പറഞ്ഞു. 'അവർക്ക് സന്താനം ലഭിക്കും.' എപ്പോൾ എന്നായി ശാമ, 'പന്ത്രണ്ട് മാസങ്ങൾക്കകം' എന്ന് ബാബ മറുപടിയും പറഞ്ഞു. എന്നിട്ട് തേങ്ങ രണ്ടായി മുറിച്ച് ഒരു പകുതി ശാമയും ബാബയും തിന്നു. മറ്റെ പകുതി ആ സ്ത്രീക്കും കൊടുത്തു. എന്നിട്ട് ശാമ ആ സ്ത്രീയോട് തിരിഞ്ഞുനിന്ന് പറഞ്ഞു 'അമ്മേ! നിങ്ങൾ എന്റെ വാക്കുകൾക്ക് പരിപൂർണ്ണസാക്ഷിയാണ്. പന്ത്രണ്ട് മാസങ്ങൾക്കകം നിങ്ങൾക്കു ഒരു കുട്ടി ജനിക്കാത്ത പക്ഷം ഞാൻ ഈ ദേവന്റെ തലയിൽ ഒരു തേങ്ങയടിച്ചുടച്ചു ഈ മസ്ജിദ്ദിൽ നിന്നും ആട്ടിപ്പുറത്താക്കും. ഇത് ചെയ്തില്ലെങ്കിൽ ഞാൻ മാധവനല്ല., ഞാൻ പറഞ്ഞതെന്തെന്ന് നിങ്ങൾക്ക് ഉടനെ ബോദ്ധ്യമാവും.'

അവർ ഒരു കൊല്ലത്തിനകം ഒരാൺകുട്ടിയെ പ്രസവിച്ചു. കുട്ടിയെ 5–ാമാസം ബാബയുടെ അടുക്കൽ കൊണ്ടുവന്നു. ഭാര്യയും ഭർത്താവും ബാബയെ നമസ്കരിച്ചു. ഔറംഗബാദ്കർ

നന്ദിപൂർവ്വം ബാബക്ക് 500ക. കൊടുത്തു. അത് ബാബയുടെ കുതിര 'ശ്യാമകർണ്ണന്' ഒരു ഷെഡ്ഡുണ്ടാക്കാൻ വിനിയോഗിച്ചു.

ശ്രീ സായിയെ നമിക്കുവിൻ - ലോകശാന്തി ഭവിക്കട്ടെ!